# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1766** **12.06.2019 ൽ മറുപടിയ്ക്ക്**

**സ്വകാര്യ ബസ് കമ്പനികളെ നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിയമം ലംഘിച്ചും നികുതി വെട്ടിച്ചും ദീർഘദൂര സർവ്വീസുകൾ കൈയ്യടക്കിയിരുന്ന കല്ലട പോലുള്ള സ്വകാര്യ ബസ് കമ്പനികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജുകൾ വാഹന നികുതി വെട്ടിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. അനധികൃതമായി സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത്തരം സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് "ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്" എന്ന പേരിൽ വിശദമായ രാത്രികാല പരിശോധന ആരംഭിച്ചിട്ടുണ്ട്. 6.6.19 വരെ 7991 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സ്വകാര്യ സർവ്വീസുകൾ നടത്തുന്നവരിൽ നിന്നും യാത്രക്കാർക്ക് നേരിടേണ്ടി വരുന്ന ചൂഷണവും പീഡനവും തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യെന്ന് അറിയിക്കുമോ; | (ബി) | ഇത്തരം സർവ്വീസുകൾ നിയന്ത്രിക്കുന്നതിനായി ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ് എന്ന പേരിൽ മോട്ടോർ വാഹന വകുപ്പ് വിശദമായ രാത്രികാല പരിശോധന നടത്തിവരുന്നു. |
| (സി) | യാത്രക്കാരെ അമിതമായി ചൂഷണം ചെയ്യുന്ന സ്വകാര്യ ബസ് കമ്പനികളെ നിയന്ത്രിച്ചു കൊണ്ട് കെ.എസ്.ആർ.ടി.സി. കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് സംവിധാനം ഒരുക്കുമോ; വിശദവിവരം അറിയിക്കുമോ? | (സി) | ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ പ്രധാന നഗരങ്ങളിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തമിഴ് നാട്ടുമായുള്ള അന്തർസംസ്ഥാന ഗതാഗത കരാർ പ്രകാരമുള്ള നടപടികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ടി കരാറിൻ പ്രകാരം എറണാകുളം-ചെന്നൈ റൂട്ടും, തിരുവനന്തപുരം-ചെന്നൈ റൂട്ടും സർവ്വീസ് ആരംഭിക്കുന്നതിനായി അന്തർസംസ്ഥാന കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കോയമ്പത്തൂർ, സേലം വഴി ബാംഗ്ലൂരിലേയ്ക്കും, ഗുഡല്ലൂർ, മൈസൂർ വഴി ബാംഗ്ലൂരിലേയ്ക്കും ഉള്ള റൂട്ടുകൾ ബസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ച് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ആദ്യഘട്ടമായി കോട്ടയം-കോയമ്പത്തൂർ, കോട്ടയം-പളനി, തൃശ്ശൂർ-ഊട്ടി, എറണാകുളം-പളനി, മാനന്തവാടി-കോയമ്പത്തൂർ, സുൽത്താൻബത്തേരി-കോയമ്പത്തൂർ, അർത്തുംഗൽ-വേളാങ്കണ്ണി-കോയമ്പത്തൂർ, കോഴിക്കോട്-നിലമ്പൂർ എന്നീ 8 സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള 15 പെർമിറ്റുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി ആരംഭിച്ചിട്ടുണ്ട്.<br>തമിഴ്നാട്ടുമായി രൂപീകരിച്ച പുതിയ ഗതാഗത കരാർ പ്രകാരം എല്ലാ വർഷവും ഓണം, ദസറ, ദീപാവലി, ക്രിസ്തുമസ്, മധ്യവേനൽ അവധികാലം, ശബരിമല ഉത്സവകാലം എന്നിങ്ങനെ യാത്രാനിരക്ക് അനുഭവപ്പെടുന്ന എല്ലാ ഉത്സവകാലത്തും ബാംഗ്ലൂർ, മൈസൂർ, |

| | | | |
|---|---|---|---|
| | | | കോയമ്പത്തൂർ, ചെന്നൈ എന്നീ പ്രധാന നഗരങ്ങളിലേയ്ക്ക് ആവശ്യാനുസരണം സർവ്വീസുകൾ നടത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മാസം മുതൽ ബാംഗ്ലൂരിലേയ്ക്ക് കൂടുതൽ കെ.എസ്.ആർ.ടി.സി സർവ്വീസുകൾ നടത്തുന്നതിനായി 29 ബസ്സുകൾ അധികമായി പെർമിറ്റ് എടുത്ത് സർവ്വീസുകൾ നടത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ